**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 206** | **15-10-2024 - ൽ മറുപടിയ്ക്ക്**

**വിവിധ വൈദ്യുതീകരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എ. രാജ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി എത്തിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2017-ഓടു കൂടി കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുമെന്ന്, 2016 ജൂൺ മാസത്തിൽ നിയമസഭയിൽ കേരള ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ബൃഹത് പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്തു നടപ്പിലാക്കുകയും ടി പദ്ധതിയുടെ ഉദ്ഘാടനം 29/5/2017 ന് കോഴിക്കോട് വച്ച് നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയും ചെയ്തിരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം 1,50,219 വൈദ്യുതി കണക്ഷനുകൾ നല്കിയിട്ടുണ്ട് .<br><br>സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000w വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി KSEBL ന്റെ തനതു ഫണ്ടുപയോഗിച്ച് 2018 മുതൽ നൽകിവരുന്നു. ലൈൻ വലിച്ചു പോസ്റ്റുകൾ സ്ഥാപിച്ചു കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നതു KSEBLന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ലൈൻ വലിച്ചു നൽകേണ്ട കണക്ഷനുകളുടെ ദൂരപരിധി 31.03.2022- ലെ ബോർഡ് ഉത്തരവ് പ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്.<br><br>കെ.എസ്.ഇ.ബി.എൽ വഴി വൈദ്യുതീകരിക്കാൻ സാധിക്കാത്ത ഇടുക്കി, വയനാട്, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ 23 വിദൂര ആദിവാസി സങ്കേതങ്ങളിലെ 734 വീടുകളിൽ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതി അനെർട്ട് പട്ടികജാതി / പട്ടികവർഗ്ഗ വികസന വകുപ്പുമായി സഹകരിച്ചു കൊണ്ടു നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. |

| Sl No. | Name of District | Name of Panchayath | Name Of Habitation | No of UE Households | |
|---|---|---|---|---|---|
| 1 | **IDUKKI** | Edamalakkudy | Ambalaparakudy | 12 | |
| 2 | **IDUKKI** | Edamalakkudy | Iruppukalkudy | 33 | |
| 3 | **IDUKKI** | Edamalakkudy | Kavakkattukudy | 23 | |
| 4 | **IDUKKI** | Edamalakkudy | Keezhilayampaarakudy | 23 | |
| 5 | **IDUKKI** | Edamalakkudy | Keezhpathamkudy | 33 | |
| 6 | **IDUKKI** | Edamalakkudy | Kudalloorkudy | 23 | |
| 7 | **IDUKKI** | Edamalakkudy | Meenkuthikudy | 54 | |
| 8 | **IDUKKI** | Edamalakkudy | Melppathamkudy | 16 | |
| 9 | **IDUKKI** | Edamalakkudy | Mulakutharakudy | 38 | |
| 10 | **IDUKKI** | Edamalakkudy | Nelmanalkudy | 44 | |
| 11 | **IDUKKI** | Edamalakkudy | Nooradikudy | 41 | |
| 12 | **IDUKKI** | Edamalakkudy | Paarakudy | 13 | |
| 13 | **IDUKKI** | Edamalakkudy | Parappayarkudy | 77 | |
| 14 | **IDUKKI** | Edamalakkudy | Perumkadavukudy | 9 | |
| 15 | **IDUKKI** | Edamalakkudy | Thenpaara | 7 | |
| 16 | **IDUKKI** | Edamalakkudy | Vellavarakudy | 47 | |
| 17 | **IDUKKI** | Marayoor | Mulakamutty | 21 | |
| 18 | **WAYANAD** | Muttil | Govindanpara | 5 | |

| | | | | |
|---|---|---|---|---|
| 19 | **ERNAKULAM** | Kuttampuzha | Kottakuthu | 13 |
| 20 | **ERNAKULAM** | Kuttampuzha | Njandukalam | 17 |
| 21 | **ERNAKULAM** | Kuttampuzha | Uriyampetty | 89 |
| 22 | **ERNAKULAM** | Kuttampuzha | Variyam, manikudy | 43 |
| 23 | **PALAKKAD** | Muthalamada | Poopara | 53 |
| | | | | **734** |

ബി.പി.എൽ./ ലൈഫ് മിഷൻ കുടുംബങ്ങൾക്ക് സൗജന്യമായി സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു വൈദ്യുതി എത്തിക്കുന്ന പദ്ധതി അനെർട്ട് നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| (ബി) | സാമൂഹ്യ പ്രതിബദ്ധതയിലധിഷ്ഠിതമായി സർക്കാർ നടപ്പാക്കുന്ന വിവിധ വൈദ്യുതീകരണ പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഈ സർക്കാർ അധികാരത്തിലേറിയ ശേഷം സാമൂഹ്യ പ്രതിബദ്ധതയിലധിഷ്ഠിതമായി നടപ്പിലാക്കിയ വൈദ്യുതീകരണ പദ്ധതികൾ പട്ടികവർഗ്ഗ നഗറുകളുടെ വൈദ്യുതീകരണവും അംഗനവാടികളുടെ വൈദ്യുതീകരണവുമാണ് .<br><br>102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ വൈദ്യുതീകരണം കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് 2 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്ന താണ്.<br><br>സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനിതാശിശു വികസന വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം നിലവിൽ വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 937 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കിയിരുന്നു. ഇവയിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനായി നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനതു ഫണ്ടിൽ നിന്നും 22.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.<br><br>പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തി അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന മാതൃകാ പദ്ധതിയാണ് ഹരിത ഊർജ്ജ വരുമാന പദ്ധതി.<br><br>ഈ പദ്ധതി പ്രകാരം അനെർട്ട് മുഖേന ഇതുവരെ 1700 ലൈഫ് മിഷൻ / പുനർ ഗേഹം / ബി.പി.എൽ വിഭാഗങ്ങളിലുള്ള വീടുകളിലായി 2 കിലോവാട്ട്/ 3 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സൗജന്യമായി സ്ഥാപിച്ചു നൽകി. |
| (സി) | ആദിവാസി ഗോത്ര പ്രദേശങ്ങളിലെ വൈദ്യുതീകരണ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ; | (സി) | സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി കോവിഡ് സമയത്ത് ഗവണ്മെന്റ് നിർദ്ദേശമനുസരിച്ച് KSEBL, വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ്ഗ നഗറുകൾ കണ്ടെത്തിയിരുന്നു. 102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ വൈദ്യുതീകരണം റോഡ് ഉൾപ്പെടെയുള്ള സൗകര്യങ്ങളും കാലാവസ്ഥയും PWD യിൽ നിന്നുമുള്ള അനുമതി തുടങ്ങിയവ ലഭ്യമാകുന്ന മുറയ്ക്ക് 2 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. ആദിവാസി നഗറുകളുടെ വൈദ്യുതീകരണത്തിനു 22 കോടി രൂപ KSEBLന്റെ തനതു ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്.<br><br>കേന്ദ്ര സർക്കാർ നടപ്പാക്കുന്ന RDSS - ന്റെ PM-JANMAN പദ്ധതിയുടെ PVTG (Particularly Vulnerable Tribal Group) Mission പ്രകാരം PVTG ഗ്രാമങ്ങളിലും /വാസസ്ഥാനങ്ങളിലും PVTG വീട്ടുകാർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. Ministry of Tribal Affairs ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം കേരളത്തിൽ 345 PVTG വീട്ടുകാരെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതിനായി 84.68 ലക്ഷം രൂപ അനുവദിച്ചു. RDSS മാനദണ്ഡപ്രകാരം സമ്പൂർണ വൈദ്യുതീകരണത്തിനു വീടൊന്നിന് 85000/- രൂപയും, ഭാഗിക വൈദ്യുതീകരണത്തിനു 42500/-രൂപയുമാണ് അനുവദിച്ചിരിക്കുന്നത്. നാളിതുവരെ 309 പേർക്കു വൈദ്യുതി കണക്ഷൻ നൽകി.<br><br>പ്രാക്തന ഗോത്രവിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപെട്ടു കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും സംയോജിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന PM JANMAN എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലെ പറമ്പിക്കുളം ടൈഗർ റിസേർവിന് അകത്തായി സ്ഥിതി ചെയ്യുന്ന തേക്കടി അല്ലിമൂപ്പൻ, തേക്കടി അല്ലിമൂപ്പൻ അക്കരെ, കുരിയാർകുട്ടി, മലപ്പുറം ജില്ലയിലെ - മാഞ്ചീരി എന്നീ 4 ആദിവാസി സമൂഹങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സാധ്യത പഠനം അനെർട്ടിന്റെ നേതൃത്വത്തിൽ നടത്തി പ്രൊജക്റ്റ് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. |
| (ഡി) | അംഗൻവാടികളെ ഊർജ്ജക്ഷമമാക്കുന്നതിനായി നടപ്പാക്കുന്ന അംഗൻജ്യോതി പദ്ധതി | (ഡി) | വിലയിരുത്തിയിട്ടുണ്ട്. കേരള സംസ്ഥാനത്തെ 2050-ഓടെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കാനാണ് സർക്കാർ പദ്ധതി ഇട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി സംയോജിത ശിശുവികസന പദ്ധതിയുടെ (ICDS) നിയന്ത്രണത്തിലുള്ള അങ്കണവാടികളെ സമ്പൂർണ ഊർജ്ജക്ഷമതയുള്ളതാക്കി മാറ്റുന്നതിന് ലക്ഷ്യം വെച്ചു കൊണ്ടാണ് എനർജി മാനേജ്മെന്റ് സെന്റർ “അംഗൻ ജ്യോതി” എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| | വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

KERALA STATE ELECTRICITY BOARD Ltd
(Incorporated under the Companies Act 1956)
Registered Office: Vydyuthi Bhavanam, Pattom
Thiruvananthapuram - 695 004
CIN: U40100KL2011SGC027424
Website: www.kseb.in
Phone: +91 471 2514885, 2514361
Email: ddkseb@kseb.in

## ABSTRACT

Effecting BPL OH service connection above 200m - Sanctioned - Orders Issued

### CORPORATE OFFICE (SBU-D)

BO (FTD)No 261/2022(D(D&IT)/D4/Service Connection/2021-22/0012) Thiruvananthapuram.Dated 31.03.2022

Read: 1.B.O.(FTD)No.68/2019(D(D&IT)/D6-AE4/TE Contd/2018-19) dated 25.01.2019.

2.B.O. (FTD)No.847/2021(D(D&IT)/D4/Service Connection/2021-22/0012) dated 15.11.2021.

3. B.O.(FTD)847/2021(D(D&IT)/D4/Service Connection/2021-22/0012) dated. 15.11.2021.

4. Minutes of the meeting of the Distribution Core Committee 2021 held on 30.11.2021 at system Operation Review Hall, Vydyuthi Bhavanam,Tvpm.

5.Note No.(D(D&IT)/D4/Service Connection/2021-22/0012) dated 30.01.2022 of the Director Distribution & IT) to the Full Time Directors (Agenda Item No 15/2/22).

### ORDER

Several requests are being received from the field offices seeking sanction for effecting free service connection to BPL households that require the construction of OH line beyond 200m, which was being considered positively after placing the same before the Full Time Directors.

In the Full Time Directors meeting held on 03.11.2021 it was directed to evolve a policy on relaxation of the OH portion of 200 meters for providing free connection to BPL households.

To maintain the 100% electrified status of the State, KSEBL as per the B.Os read as 1st & 2nd above had accorded sanction to give free connection to BPL households with a maximum of 1000W connected load (WP with support posts/post insertion plus a maximum of 200 m OH), using the KSEBL fund (Dyuthi Fund) for "Continued electrification" in the plan fund for the period is exhausted, as there are no other specific schemes in place for granting electricity connections to BPL households free of cost.

The matter was discussed in the Distribution Core Committee 2021 held on 30.11.2021 (Agenda item No.6 read as 4th above) and decided that the following proposal shall be put forth.

BPL households with a maximum of 1000 W connected load can be given free connection using the KSEBL fund. In cases where WP with support posts/post insertion plus a maximum of 250 m OH is required. The local bodies or any others willing shall be requested to remit the expenses for the portions beyond 250 m in length.

The matter was placed before the Full Time Directors as per the note read as 5th above.

Having examined the matter in detail, the Full-Time Directors in the meeting held on 02.02.2022 resolved to accord sanction for effecting service connections to BPL applicants having connected load of maximum 1000 watts with WP, Support Posts / Post Insertion and a maximum of 250m OH line, using KSEBL's fund.

Further resolved to request the local bodies or any others willing to remit the expenses for the portions beyond 250m length of OH line.

Orders are issued accordingly.

By Order of the
Full Time Directors

Sd/-
LEKHA G
Company Secretary

To:

The Chief Engineer, Commercial and Tariff

Copy to: The Chief Engineer, Distribution North Malabar/North/Central/South/ Vigilance Officer/ Legal Advisor&Disciplinary EnquiryOfficer /Chief InternalAuditor/Financial Adviser

The TA to Chairman & Managing Director

The TA to Director (Distribution & IT) / (Planning, SCM &Safety),(REES, Soura,Sports &Welfare)/(Generation-Electrical), (Generation-Civil)/ (Transmission & System Operation)

The RAO/ECA/RCAO/The Legal Liaison Officer

The PA to Director (Finance)

The C.A. to Secretary (Administration)/ Company Secretary.

Fair Copy Section / Library / Stock File

Forwarded / By Order

Section Officer.

Assistant Executive Engineer